# POONPALLY, NATTASSERY
# ST. GEORGE CHURCH



**കോ**ട്ടയം പട്ടണത്തിൽ നിന്നും ഏകദേശം അഞ്ചുകിലോമീറ്റർ കിഴക്കുമാറി മീനിച്ചിലാറിന്റെ കൈവഴിയായ മീനന്തറ ആറിന്റെ തീരത്തു സ്ഥിതി ചെയ്യുന്ന പ്രകൃതിസുന്ദരവും പഴമക്കാർ പൊന്ന് ഉണ്ടെന്ന് വിശ്വസിക്കുകയും അതിനാസ്പദമായ പര്യവേക്ഷണം നടത്തുകയും ചെയ്ത ''പൊൻകുന്ന്'' എന്നറിയപ്പെടുന്ന കുന്നിന്റെ പടിഞ്ഞാറെ ചെരുവിൽ ഇടവകാംഗമായിരുന്ന തേക്കുങ്കൽ ശ്രീ. കുര്യൻ ഇട്ടി കുരുവിള തന്ന സ്ഥലത്ത് വിശ്വാസത്തിൽ ക്രാന്തദർശികളായ നമ്മുടെ പൂർവ്വപിതാക്കന്മാർ നൂറ് വർഷങ്ങൾക്ക് മുമ്പ് വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിച്ച ദൈവാലയമാണ് പൊൻപള്ളി എന്ന അപരനാമത്തിൽ അറിയപ്പെടുന്ന നട്ടാശ്ശേരി സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപള്ളി. ഈ ദൈവാലയത്തിന് പൊൻപള്ളി എന്ന അപരനാമം വരുവാൻ കാരണങ്ങളായ പല ഐതിഹ്യങ്ങളിൽ ഒന്നാണിത്. ആദ്യകാലങ്ങളിൽ ഈ ദൈവാലയം കല്ലുങ്കൽ പള്ളി എന്നും അറിയപ്പെട്ടിരുന്നു. കോട്ടയം ചെറിയപള്ളിയിലും മണർകാട് മർത്തമറിയം പള്ളിയിലും പാറമ്പുഴ സെന്റ് ജോൺസ് പള്ളിയിലും കൂടിവന്നിരുന്ന പൂർവ്വപിതാക്കൻമാരുടെ നിരന്തരമായ പ്രാർത്ഥനയുടെയും അദ്ധ്വാനത്തിന്റെയും ഫലമായി കൊല്ലവർഷം 1074 –ാം ആണ്ടിൽ (അ. ഉ. 1898 ൽ) ആദ്യ ദൈവാലയം (ഇപ്പോൾ ദൈവാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്നു 150 മീറ്റർ ) സ്ഥാപിക്കപ്പെട്ടു. ഈ ദൈവാലയത്തിൽ ബഹു. ഒണാട്ടുകുന്നേൽ ഒ. സി. കുര്യാക്കോസ് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ആരാധന നടത്തി വന്നിരുന്നു. ഒൻപത് വർഷങ്ങൾക്കുശേഷം ഇപ്പോൾ ദൈവാലയം സ്ഥിതിചെയ്യുന്ന സ്ഥലത്ത് കൊല്ലവർഷം 1083–മാണ്ടിൽ (1907) ഓലമേഞ്ഞ ദൈവാലയം സ്ഥാപിക്കപ്പെട്ടു. ഈ ദൈവാലയത്തിൽ ക്രമീകൃതമായി ആരാധനയും പള്ളി സംബന്ധമായ മറ്റ് ആത്മീയ കാര്യങ്ങളും ആരംഭിച്ചത് കൊല്ലവർഷം 1083 –ാം ആണ്ട് തുലാം മാസം 11 –ാം തീയതി (1907 ഒക്ടോബർ 27 ) ബഹുമാനപ്പെട്ട മട്ടയ്ക്കൽ അലക്സ് അന്ത്രയോസ് മല്പാനച്ചൻ തിരുബലി അർപ്പിച്ചതോടുകൂടിയാണ്.

ഈ ദൈവാലയത്തിലെ പ്രധാന ത്രോണോസ് വി. ഗീവർഗീസ് സഹദായുടെ നാമത്തിലും മറ്റു രണ്ടു ത്രോണോസുകൾ വി. ദൈവമാതാവിന്റെയും, ഇൻഡ്യയുടെ കാവൽപിതാവായ മാർതോമ്മാശ്ലീഹായുടെയും നാമത്തിലും സ്ഥാപിതമായിരിക്കുന്നു.

ഈ പള്ളി വി. അന്ത്യോഖ്യാസിംഹാസനത്തിൻ കീഴിലുള്ള മലങ്കര യാക്കോബായ സുറിയാനിസഭയുടെ കോട്ടയം ഭദ്രാസന ഇടവകയിൽപ്പെട്ടതും അതതു കാലങ്ങളിൽ വാണരുളുന്ന പരി. പാത്രിയർക്കിസ് ബാവാ തിരുമേനിക്കും അദ്ദേഹത്താൽ നിയമിച്ച് അംഗീകരിക്കപ്പെടുന്ന കാതോലിക്കാ ബാവാ തിരുമേനിക്കും അദ്ദേഹത്താൽ അധികാരപ്പെടുത്തുന്ന ഇടവക മെത്രാപ്പോലിത്താ തിരുമേനിക്കും വിധേയപ്പെട്ടു ന

ടന്നുവരുന്നതുമാകുന്നു. ഇടവക മെത്രാപ്പോലിത്തായാൽ രേഖാമൂലം ഈ പള്ളിയിലേക്കു കാലാകാലങ്ങളിൽ നിയമിക്കപ്പെടുന്ന വൈദികർ ഈ പള്ളിയുടെ വികാരിമാർ ആയിരിക്കും.

കല്ലിലും മണ്ണിലും പള്ളി ബലവത്തായി പണിയുന്നതിനുവേണ്ടി കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് തിരുമേനി (1911 ഒക്ടോബർ 27 തീയതി) ശിലാസ്ഥാപനം നടത്തി. പള്ളി പണിയുകയും ആരാധന നടത്തപ്പെടുകയും ചെയ്തു വന്നിരുന്നു എങ്കിലും നാളുകൾക്ക് ശേഷം അന്ത്യോഖ്യാ പ്രതിനിധിയായിരുന്ന ഏലിയാസ് മോർ യൂലിയോസ് ബാവായാലും, അഭി. പൗലോസ് മോർ പീലക്സിനോസ് തിരുമേനിയാലും (കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് കക ബാവാ) 1959 ഒക്ടോബർ 27 ന് പള്ളിയുടെ കൂദാശ നിർവ്വഹിക്കപ്പെട്ടു. ഈ ഇടവകയെ എല്ലാ ആത്മികവും ഭൗതികവും ആയ പുരോഗതിയിലേക്ക് നയിച്ചത് 56 വർഷത്തോളം സുദീർഘമായ സേവനം അനുഷ്ഠിച്ച മൈലപ്പള്ളിയിൽ യാക്കോബ് കശീശയാണ്.

മലങ്കര മെത്രാപ്പോലീത്തയായിരുന്ന ഗർജ്ജിക്കുന്ന സിംഹം എന്ന് അറിയപ്പെട്ടിരുന്ന മിഖായേൽ മോർ ദിവന്നാസ്യോസ് തിരുമേനി പലഘട്ടങ്ങളിലായി അനേക ദിവസങ്ങളിൽ ഈ പള്ളിയിൽ താമസിക്കുകയും മൂന്നു തവണ കാൽകഴുകൽ ശുശ്രൂഷ നടത്തുകയും ചെയ്തിട്ടുണ്ട്. അഭിവന്ദ്യ തിരുമേനിയുടെ ഓർമ്മ നിലനിർത്തത്തക്ക രീതിയിൽ പാരിഷ്ഹാളിന് അദ്ദേഹത്തിന്റെ പേര് നൽകിയിരിക്കുന്നു. മഞ്ഞിനിക്കരയിൽ കബറടങ്ങിയിരിക്കുന്ന സിംഹാസനപള്ളികളുടെ അധിപനായിരുന്ന യാക്കോബ് മോർ യൂലിയോസ് തിരുമേനിയും പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയും കാൽകഴുകൽ ശുശ്രൂഷ നടത്തിയിട്ടുണ്ട്. ഇടവകാംഗങ്ങളുടെ എണ്ണം വർദ്ധിച്ചതിനെ തുടർന്ന് പഴയ പള്ളിയുടെ സ്ഥാനത്ത് പള്ളി പുതുക്കി പണിയുവാൻ നിശ്ചയിക്കയും 1981 ഒക്ടോബർ 28–ാം തീയതി ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ ശിലാസ്ഥാപനം നിർവഹിക്കുകയും ചെയ്തു. ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരി. ഇഗ്നാത്തിയോസ് സഖാ ഇവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവാ തന്റെ മലങ്കരയിലെ പ്രഥമ ശ്ലൈഹിക സന്ദർശനവേളയിൽ 1982 ഫെബ്രുവരി 23–ാം തീയതി പുതുക്കി പണിത പള്ളിയുടെ (ഇപ്പോഴത്തെ പള്ളിയുടെ) പണി ഉദ്ഘാടനം ചെയ്തു. 1985 ജനു. 19 –ാം തീയതി യാക്കോബ് മോർ തീമോത്തിയോസ്, ഗീവർഗീസ് മോർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാർ കൂദാശ നിർവഹിച്ചു. കല്ലുങ്കത്രയിൽ തോമസ് കോറെപ്പിസ്കോപ്പയും, ബേബി ജെ. പോത്താറ കോറെപ്പിസ്കോപ്പയും പയ്യാനിക്കൽ പി.എം. ചെറിയാൻ അച്ചനും ആണ് ഈ പള്ളിപണിക്ക് നേതൃത്വം നൽകിയത്.

ചാത്തുരുത്തിയിൽ പരി. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് (പരുമല) തിരുമേനിയുടെ നാമത്തിൽ ഞാറയ്ക്കൽ ചിറയിൽ സ്ഥാപിതമായിരിക്കുന്ന കുരിശിൻതൊട്ടിയിൽ 1988 നവംബർ 13–ാം തീയതി കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി (പെരുമ്പള്ളി) പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിച്ചു.

ഈ ഇടവകാംഗമായ രാമന്തറയിൽ റവ. ഫാ. ആർ. വി. മർക്കോസ് മല്പാനച്ചനെ പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സാഖാ ഇവാസ് ഒന്നാമൻ ബാവാ തിരുമനസ്സുകൊണ്ട് 2001 ജനുവരി മാസം 14–ാം തീയതി ദമസ്കോസിൽ വച്ച് മർക്കോസ് മാർ കൂറിലോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 2001 ജനുവരി 20–ാം തീയതി ഈ ഇടവക ഊഷ്മളമായ സ്വീകരണം നൽകി. ദൈവഹിതപ്രകാരം 2005 മേയ് 30ന് കാലംചെയ്ത് പങ്ങട സെന്റ് മേരീസ് പള്ളിയിൽ കബറടക്കി.

വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന പള്ളിയുടെ പടിഞ്ഞാറുവശത്തെ കുരിശിൻതൊട്ടിയും, പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ ഞാറയ്ക്കൽ കവലയിലെ കുരിശിൻ തൊട്ടിയും, വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ കൊശമറ്റം കവലയിലെ കുരിശിൻ തൊട്ടിയും ഇടവകാംഗങ്ങൾക്കും നാനാജാതി മതസ്ഥരായ ആളുകൾക്കും അനുഗ്രഹത്തിന്റെ സ്രോതസ്സായി നിലകൊള്ളുന്നു. ഏകദേശം 2 ഏക്കർ 64 സെന്റ് സ്ഥലം പള്ളിക്ക് ഇന്ന് സ്വന്തമായിട്ടുണ്ട്.

കേവലം 56 വീട്ടുകാരാൽ തുടങ്ങിയ ഈ ഇടവകയിൽ ഇപ്പോൾ 426 ഭവനങ്ങൾ ഉണ്ട്. സൺഡേ സ്കൂൾ, പി.റ്റി.എ., വനിതാ സമാജം, ഹെയിൽ മേരി ലീഗ്, മോർ ഇഗ്നാത്തിയോസ് യൂത്ത് അസോസിയേഷൻ, അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതി, ചാരിറ്റബിൾ സൊസൈറ്റി, സീനിയർ സിറ്റിസൺസ്

syrianchurch.org

ഫോറം എന്നീ ആത്മീയ പ്രസ്ഥാനങ്ങൾ പള്ളിഭരണത്തിൻ കീഴിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ശ്രുതിമധുരമായ ഗാനങ്ങളാൽ ആരാധനയ്ക്ക് മികവേകുന്ന ഈ ഇടവകയിലെ ഗായകസംഘം പൊൻപള്ളിയുടെ പൊൻമുത്തായി നിലകൊള്ളുന്നു.

ഇപ്പോൾ ദൈവാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വിശുദ്ധ ദൈവാലയം സ്ഥാപിതമായിട്ട് 100 വർഷം തികയുന്ന 2007 –മാണ്ടിൽ ഈ ദൈവാലയത്തിന്റെ ശതാബ്ദി ആഘോഷിക്കുന്നതിനായി തീരുമാനം എടുക്കുകയും ജൂബിലി കമ്മിറ്റി അതിന്റെ തുടർനടപടികൾ നടത്തി വരികയും ചെയ്യുന്നു.

ഒരേ മനസ്സോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് സഹോദര സ്നേഹത്തോടെ പരസ്പരം സ്നേഹിക്കുകയും സഹായിക്കുകയും സഹകരിക്കുകയും ചെയ്തുകൊണ്ട് കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ യഥാർത്ഥ വേലക്കാരായി പ്രവർത്തിക്കുന്ന ഈ ഇടവകയിലെ ജനങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി ഇടവകയുടെ കാവൽ പിതാവായ മോർ ഗിവർഗീസ് സഹദായുടെ മഹാമദ്ധ്യസ്ഥതയാൽ നാടിനും നാട്ടാർക്കും ഇടവകാംഗങ്ങൾക്കും നന്മയുടെ പൊൻകിരണങ്ങൾ തൂകികൊണ്ട് കെടാവിളക്കായി ഈ ഇടവക പരിശോഭിക്കുന്നു.

**ഈ ഇടവകയിൽ സന്ദർശനം നടത്തിയിട്ടുള്ള മലങ്കരയ്ക്കു പുറത്തുനിന്നുള്ള ആത്മീയ പിതാക്കൻമാർ**

1. അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരി. ഇഗ്നാത്തിയോസ് സഖാ ഇവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ( അ. ഉ. 1982 എലയ. 23 )
2. ഏലിയാസ് മോർ യൂലിയോസ് (അന്ത്യോഖ്യാസിംഹാസന പ്രതിനിധി)
3. യേശു സാമുവേൽ മോർ അത്താനാസ്യോസ് (അമേരിക്കയുടെ ആർച്ച് ബിഷപ്പ്)
4. അപ്രേം ആബുദി മോർ തിമോത്തിയോസ് (മുൻ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയും ഓസ്ട്രേലിയയുടെ ഇപ്പോഴത്തെ ആർച്ച് ബിഷപ്പും)
5. മോർ സേവേറിയോസ് മൽക്കേ മുറാദ് (യരുശലേമിലെ ആർച്ച് ബിഷപ്പ്)

**ഇടവകയിലെ വൈദികർ**

റവ. ഫാ. തോമസ് കെ. ഇട്ടി, കുന്നത്തയ്യാട്ട്
റവ. ഫാ. സ്കറിയ കുരുവിള മണ്ണൂർ
റവ. ഫാ. യൂഹാനോൻ വേലിക്കകത്ത്
ഡീക്കൻ പോൾ വർഗീസ് വെള്ളാപ്പള്ളിൽ

**ഇടവകയിലെ വൈദിക വിദ്യാർത്ഥികൾ**

റ്റിജു വർഗീസ് വെള്ളാപ്പള്ളിൽ
സോണി കുര്യാക്കോസ് കടുങ്ങണിയിൽ

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org